# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി.നം.6491/19/NS-1

ദേവസ്വം കമ്മീഷണർ ആഫീസ്
തിരുവനന്തപുരം,
തീയതി: 24/03/2025

## സർക്കുലർ

വിഷയം:- തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിലെ ഉപദേശക സമിതി വരവ് ചെലവ് കണക്കുകൾ ഹാജരാക്കുന്നതിൽ വീഴ്ച വരുത്തുന്നത് - സംബന്ധിച്ച്

സൂചന:- ബഹു:ഓംബുഡ്സ്മാന്റെ 07/02/2023 ലെ നടപടി ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിലെ ഉപദേശക സമിതിയുടെ വരവ്-ചെലവ് കണക്കുകൾ നിശ്ചിത സമയപരിധിയ്ക്കകം ഡിപ്പാർട്ട്മെന്റിൽ ഹാജരാക്കുന്നുവെന്നും, കൂടാതെ ഉപദേശക സമിതികൾ ദേവസ്വം ബൈലോയ്ക്ക് അനുസൃതമായി പ്രവർത്തിച്ചുവരുന്നുവെന്നും, ബന്ധപ്പെട്ട സബ്ഗ്രൂപ്പാഫീസർമാർ, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാർ എന്നിവർ ഉറപ്പുവരുത്തേണ്ടതും, അല്ലാത്ത പക്ഷം ഉപദേശക സമിതികൾക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടതുമാണ്.

ഉപദേശക സമിതിയുടെ വരവ്- ചെലവ് കണക്കുകൾ യഥാസമയം ലഭ്യമാക്കി കണക്കുകൾ ആഡിറ്റിന് ഹാജരാക്കേണ്ടത് സബ്ഗ്രൂപ്പാഫീസർമാരുടെ ഉത്തരവാദിത്വമായതിനാൽ, തുടർന്ന് വരുന്ന കൂപ്പൺ സീലിംഗിന് ശുപാർശ ചെയ്യുമ്പോൾ ടി വിവരം കൂടി ഉൾപ്പെടുത്തേണ്ടതാണ്. ആയതിന് വീഴ്ച വരുത്തുന്ന പക്ഷം സബ്ഗ്രൂപ്പ് ആഫീസർക്കെതിരെ വകുപ്പ് തല നടപടി സ്വീകരിക്കുന്നതാണ്.

25/3

ദേവസ്വം കമ്മീഷണർ

പകർപ്പ്:- 1) എല്ലാ ഓഫീസ്/ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും
2) ഐ.റ്റി ഡിവിഷൻ, ദേവസ്വം കമ്മീഷണറാഫീസ്
3) സെക്ഷൻ ഫയൽ

Jyo.24/03